**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസനത്തിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച മുന്നൂറ് കോടി രൂപയുടെ വ്യവസായം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 2019-ൽ ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങളിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഔദ്യോഗികസംഘത്തിന്റെ സന്ദർശനത്തെ തുടർന്ന് പ്രഖ്യാപിച്ച വ്യവസായ നിക്ഷേപ പ്രൊജക്റ്റുകൾ പ്രവർത്തനം തുടങ്ങുന്നതിന്റ വിവിധ ഘട്ടങ്ങളിലാണ്. സന്ദർശനത്തെതുടർന്ന് ഉണ്ടായ വ്യാവസായികനിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ (1) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും (ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ ഒരു ഏക്കർ സ്ഥലം അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | അതുപോലെ ടെറുമോ പെൻപോളിലെ നിക്ഷേപവുമായി ബന്ധപ്പെട്ടും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് ആഗോള ശ്രദ്ധ നേടിക്കൊടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ക്ലോഡ് & ടീന എന്ന കമ്പനി കേരളത്തിലെ പ്രധാന ഐ.ടി. കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കാൻ താൽപര്യം അറിയിക്കുകയും അതിന്മേലുള്ള തുടർനടപടികൾ ടെക്നോപാർക്ക സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ തോഷിബ കമ്പനിയുമായി ചേർന്ന് ലിഥിയം-ടൈറ്റാനിയം ഓക്സൈഡ് ബാറ്ററി നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ കൈമാറാൻ കരാർ ഒപ്പിട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ കരാറിന്റെ പുരോഗതി വിശദമാക്കുമോ; | (ബി) | ഇലക്ട്രിക് വാഹനങ്ങൾക്കാവശ്യമായ എൽ.റ്റി.ഒ. ബാറ്ററികളുടെ ഉത്പാദനവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യ കൈമാറ്റവുമായി ബന്ധപ്പെട്ട് മെ.തോഷിബ കമ്പനി താല്പര്യപത്രം (Expression of Interest) ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.<br><br>ഹൈഡ്രജൻ ഫ്യുവൽ സെൽ ഫാക്ടറി തുടങ്ങുന്നതിന് ഒരു ഹൈഡ്രജൻ ആർ & ഡി. പൈലറ്റ് പ്രൊജക്റ്റ് എന്ന നിലയിൽ കേരള സർക്കാരുമായി സഹകരിക്കാൻ ടൊയോട്ട കമ്പനി സമ്മതം അറിയിച്ചിട്ടുണ്ട്. അതിനായി അവർ 'മിറായി' എന്ന പേരിലുള്ള രണ്ടാം തലമുറ ഹൈഡ്രജൻ കാർ ഇറക്കുമതി ചെയ്യുകയും ആയത് തിരുവനന്തപുരം ആർ.ടി.ഒ-യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തൽക്കാലം ഗവേഷണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുമെന്ന വ്യവസ്ഥയിൽ ആ വാഹനത്തിന്റെ റോഡ് നികുതി സംസ്ഥാന സർക്കാർ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | ടൊയോട്ട കമ്പനിയുമായി ചേർന്ന് ഹൈഡ്രജൻ ഫ്യുവൽ സെൽ ഫാക്ടറി തുടങ്ങാനുള്ള തീരുമാനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (സി) | ഇലക്ട്രിക് വാഹനങ്ങൾക്കാവശ്യമായ എൽ.റ്റി.ഒ. ബാറ്ററികളുടെ ഉത്പാദനവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യ കൈമാറ്റവുമായി ബന്ധപ്പെട്ട് മെ.തോഷിബ കമ്പനി താല്പര്യപത്രം (Expression of Interest) ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.<br><br>ഹൈഡ്രജൻ ഫ്യുവൽ സെൽ ഫാക്ടറി തുടങ്ങുന്നതിന് ഒരു ഹൈഡ്രജൻ ആർ & ഡി. പൈലറ്റ് പ്രൊജക്റ്റ് എന്ന നിലയിൽ കേരള സർക്കാരുമായി സഹകരിക്കാൻ ടൊയോട്ട കമ്പനി സമ്മതം അറിയിച്ചിട്ടുണ്ട്. അതിനായി അവർ 'മിറായി' എന്ന പേരിലുള്ള രണ്ടാം തലമുറ ഹൈഡ്രജൻ കാർ ഇറക്കുമതി ചെയ്യുകയും ആയത് തിരുവനന്തപുരം ആർ.ടി.ഒ-യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തൽക്കാലം ഗവേഷണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുമെന്ന വ്യവസ്ഥയിൽ ആ വാഹനത്തിന്റെ |

| | | | |
|---|---|---|---|
| | | | റോഡ് നികുതി സംസ്ഥാന സർക്കാർ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ